# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി13-604/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി13-604/2023 തീയ്യതി: 28/04/2023

## പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-05-2022 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-03-2023 | 24-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2023 | 24-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രകാശ്ബാബു.കെ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.സി.എസ്.അനില,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ടി.കെ.അശ്വിനി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.പി.മുഹമ്മദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സക്കറിയ | | | |
| മിഥുൻ കൈലാസ് സി.എ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| സ്വപ്ന കെ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2021 | 26-05-2021 |
| മിഥുൻ കൈലാസ് സി.എ | സെക്രട്ടറി | 27-05-2021 | 10-09-2021 |
| ലീന കെ.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-09-2021 | 24-09-2021 |
| ആനന്ദ് കിഷോർ | സെക്രട്ടറി | 25-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജേഷ് കുമാർ എസ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| റിഷല | കൃഷി ഓഫീസർ | 01-04-2021 | 04-11-2021 |
| വസിം ഫജ്ൽ | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 05-11-2021 | 04-01-2022 |
| ശ്രീലക്ഷ്മി | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 05-01-2022 | 31-03-2022 |
| റീന പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ,ബാലൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ജാനിഷ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ബിബി.കെ.എസ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| സ്വപ്ന കെ.നായർ | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ലതാദേവി എൻ | അസി.സെക്രട്ടറി | 10-07-2021 | 01-08-2021 |
| ലീന കെ.നായർ | അസി.സെക്രട്ടറി | 02-08-2021 | 21-01-2022 |
| ലതാദേവി എൻ | അസി.സെക്രട്ടറി | 22-01-2022 | 04-02-2022 |
| രേണുക കെ.എം | അസി.സെക്രട്ടറി | 05-02-2022 | 31-03-2022 |
| Jithesh Kumar K | Village Extension Officer | 01-04-2021 | 22-10-2021 |
| Pradeep.C | Village Extension Officer | 23-10-2021 | 30-11-2021 |
| Prashobh P | Village Extension Officer | 01-12-2021 | 31-01-2022 |
| Jithesh Kumar K | Village Extension Officer | 01-02-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 13 | വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചത് നിയമാനുസൃതമല്ല | 1-11-1 |
| 14 | എയർസെൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11-2 |
| 15 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-11-3 |
| 16 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-11-4 |
| 17 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു. | 1-11-5 |
| 18 | വസ്തുനികുതി കുടിശ്ശിക 5,51,513/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. | 1-11-6 |
| 19 | ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രാഥമിക ദ്വിതീയ തൃതീയ മേഖലകളുടെ അന്തിമമേഖല തരംതിരിവ് പട്ടിക ഹാജരാക്കേണ്ടതാണ്. | 1-11-7 |
| 20 | ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 21 | പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യൂവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-12-1 |
| 22 | പഞ്ചായത്ത് പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല. | 1-12-2 |
| 23 | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്കുള്ള ഫീസ് ഈടാക്കിയതിൽ കുറവ്. | 1-12-3 |
| 24 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ആവശ്യമായ കാടഫാമുകൾക്ക് FTE&OS ലൈസൻസ് അനുവദിച്ചു | 1-12-4 |

| | | |
|---|---|---|
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-13 |
| 26 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ) സമയബന്ധിതമായി തയ്യാറാക്കുന്നില്ല. | 1-14 |
| 27 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിക്ഷേപിച്ചിട്ടില്ല | 1-15 |
| 28 | വൃദ്ധർക്ക് കട്ടിൽ വിതരണം - വാങ്ങൽ നടപടിക്രമങ്ങളിൽ അപാകതകൾ | 1-16 |
| 29 | കുടുംബാരോഗ്യകേന്ദ്രം ഓഫീസ് അനുബന്ധചെലവുകൾ- ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല. | 1-17 |
| 30 | വീട് പുനരുദ്ധാരണം - അധികം തുക അനുവദിച്ചിരിക്കുന്നു | 1-18 |
| 31 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-19 |
| 32 | CPRCS മുഖേന കമ്പ്യൂട്ടർ, സ്കാനർ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-20 |
| 33 | പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാനുലിലെ നിർദ്ദേശം പാലിക്കുന്നില്ല | 1-21 |
| 34 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-22 |
| 35 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-23 |
| 36 | വിവാഹധനസഹായം - സമയപരിധി പാലിച്ചിട്ടില്ല | 1-24 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-25 |
| 38 | സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല | 1-26 |
| 39 | അഗതിരഹിത കേരളം പദ്ധതി - മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 1-27 |
| 40 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കി | 1-28 |
| 41 | സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു | 1-29 |
| 42 | വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 43 | അനുപൂരക പോഷകാഹാര പദ്ധതിയിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ചരക്ക് സേവന നികുതിയിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയില്ല. | 1-31 |
| 44 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-32 |
| 45 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വീട് പുനരുദ്ധാരണം - അധികം തുക അനുവദിച്ചിരിക്കുന്നു | 3-1 |
| 2 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കി | 3-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷിക വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19/02/2021 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം 1/19-03-2022). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 6156572 | 156442000 | 162598572 | 161314000 | 1284572 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 18-6-2022 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11 പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3) NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക എ.ഇ. ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്ത പ്പെടുന്നില്ല.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

7)കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

8) 2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14419149 |
| വരവ് | 105738978 |
| ആകെ | 120158127 |
| ചെലവ് | 95781898 |
| നീക്കിയിരിപ്പ് | 24376229 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11758200 | 11758200 | 11758199 | 1 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10342967 | 10342967 | 9137333 | 1205634 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 13252079 | 13252079 | 12455408 | 796671 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 4888885 | 4888885 | 4109933 | 778952 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Treasury | 0 | 436302 | 436302 | 428240 | 8062 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Bank | 0 | 2762000 | 2762000 | 2400521 | 361479 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Treasury | 0 | 1870576 | 1870576 | 423752 | 1446824 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Bank | 0 | 4143000 | 4143000 | 2039009 | 2103991 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| MGNREGS | 12429 | 23740304 | 23752733 | 23752723 | 10 |
| TSC | 3213565 | 0 | 3213565 | 370000 | 2843565 |
| ICDS | 1341126 | 1375368 | 2716494 | 1367312 | 1349182 |
| Suchithwa Mission | 0 | 160000 | 160000 | 0 | 160000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 144405655 | 177 | 73709057 | 0 | 63 | 73.75 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 6553850 | 3839683 | 58.59 |
| വി.ഇ.ഒ | 12 | 9 | 82741037 | 33063094 | 39.96 |
| ICDS സൂപ്പർവൈസർ | 6 | 6 | 6272300 | 5385556 | 85.86 |
| സെക്രട്ടറി | 36 | 16 | 10064047 | 5531077 | 54.95 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 122 | 26325995 | 18239177 | 69.28 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 3003957 | 2871867 | 95.60 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 615319 | 615319 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2720000 | 2558083 | 94.04 |
| അസി.സെക്രട്ടറി | 9 | 4 | 3631150 | 1605201 | 44.20 |
| ആകെ | 240 | 177 | 144405655 | 73709057 | 51.04 |

1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 19460055 | 19460055 | 19460055 | 0 |
| | മെറ്റീരിയൽ വില | 0 | 3395161 | 3395161 | 3395161 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12429 | 885088 | 897517 | 897507 | 10 |

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2674800 | 931 |
| 2 | വാർദ്ധക്യകാല പെൻഷൻ | 31152000 | 1715 |
| 3 | വികലാംഗ പെൻഷൻ | 5983500 | 270 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1976000 | 108 |
| 5 | വിധവാ പെൻഷൻ | 17115000 | 1008 |

| | | | |
|---|---|---|---|
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-3-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 18670/-രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

8.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29-8-2022 | July 2022 | 30-8-2022 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-04-2022 മുതൽ 12.05.2022 വരെ | 2016-17 മുതൽ 2021-22 വരെ | 29.06.2022 | ഇല്ല |

1-11 വസ്തുനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-11-1 വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചത് നിയമാനുസൃതമല്ല

1994ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 207 ഉപവകുപ്പ് (1)(എച്ച്) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളെയും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളെയും നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 9/179 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വില്ലേജ് ഓഫീസ് കെട്ടിടത്തിന് ഈ വിഭാഗത്തിലുള്ള നികുതി ഇളവ് അനുവദിച്ചിരിക്കുന്നത് നിയമാനുസൃതമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടമോ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിമോ അല്ലാത്ത വില്ലേജ് ഓഫീസ് കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി ഇളവിന് അർഹതയില്ലാത്ത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം നടത്തി വസ്തുനികുതി ഈടാക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 ഹാജരാക്കേണ്ടതുമാണ്.

1-11-2 എയർസെൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 8 മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിൽ 2021-22 വരെയുള്ള കാലയളവിൽ ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായ 73,500/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക വർഷം |
|---|---|---|---|---|
| 5/724/ ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | 14 | 7350 | 73500 | 2013 1st Half |

മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-3 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 |
| 2 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 | 10 | 25 |

വസ്തു നികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ്‌വെയർ ഡാറ്റാ ബേസ് പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2018-19ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക- 1-11, 2020-21ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക- 1-11 ) പരാമർശിച്ചിട്ടുള്ളതാണ്. നിലവിലും ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി

നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡാറ്റാബേസിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-11-4 വസ്തുനികുതി നിർണ്ണയം അപാകതകൾ

എ) ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 1 | 4/398/A<br>അബ്ദുൽ ഹമീദ്,തോട്ടുങ്ങൽ, പാലത്ത് | 162<br>ഗോഡൌൺ | 50x162=8100<br>ഇളവ്=ഇല്ല<br>വർദ്ധനവ്=20%=1620<br>BT=9720<br>LC=486<br>Total=10206 | 60x162=9720<br>ഇളവ്=ഇല്ല<br>വർദ്ധനവ്=20%=1994<br>BT=11664<br>LC=584<br>Total=12248 | 2022 1st Half | 2042 |
| 2 | 9/50 A<br>മൊയ്തീൻകുട്ടി, കുമരനെല്ലൂർ | 120<br>ഷോപ്പുകൾ | 50x120=6000<br>ഇളവ്=20%=1200<br>വർദ്ധനവ്=ഇല്ല<br>BT=4800<br>LC=240<br>Total=5040 | 60x120=7200<br>ഇളവ്=20%=1440<br>വർദ്ധനവ്=ഇല്ല<br>BT=5760<br>LC=288<br>Total=6048 | 2014 1st Half | 1008 |

100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ മേൽ കെട്ടിടങ്ങളുടെ ഫോം-6 പരിശോധിക്കേണ്ടതും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ബി) 16.9 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഷോപ്പിന് 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ നികുതി ഈടാക്കി .

16.9 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ നികുതി നിർണ്ണയിച്ച് അധികനികുതി ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയി ക്കേണ്ട വസ്തുനികുതി | പ്രാബ ല്യം | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 9/722/A അയിഷ, കുളമുക്ക്, പരുത്തർ | 16.9 ഷോപ്പുകൾ | 60x16.9=1014 ഇളവ്=ഇല്ല വർദ്ധനവ്= ഇല്ല BT=1014 LC=51 Total=1065 | 50x16.9=845 ഇളവ്=ഇല്ല വർദ്ധനവ്=ഇല്ല BT=845 LC=43 Total=888 | 2021 2nd Half | 177 |

അധികനികുതി ഈടാക്കിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് ബാധകമായ നികുതി പുനർനിർണ്ണയിക്കേണ്ടതും 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിച്ച് കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-11-5 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു.

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ വാണിജ്യാടിസ്ഥാനത്തിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 2013 മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|---|
| 1 | 3/393 | മുഹമ്മദ് ഹനീഫ | ഗോഡൌൺ | 1601 | 139 |
| 2 | 5/83 | കാദരുപ്പ, ഈയ്യുംമടക്കല് | ഷോപ്പുകൾ | 164.88 | 637 |
| 3 | 5/509 | മുഹമ്മദാലി | ഷോപ്പുകൾ | 105.7 | 276 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകങ്ങൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

### 1-11-6 വസ്തുനികുതി കുടിശ്ശിക 5,51,513/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-15) പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും തൻവർഷ വസ്തു നികുതി ഇനത്തിൽ 3,62,586/- രൂപയും മുൻ വർഷങ്ങളിലെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 1,88,927/- രൂപയും ചേർത്ത് ആകെ 5,51,513/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 1-11-7 ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രാഥമിക ദ്വിതീയ തൃതീയ മേഖലകളുടെ അന്തിമമേഖല തരംതിരിവ് പട്ടിക ഹാജരാക്കേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ

ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രാഥമിക ദ്വിതീയ തൃതീയ മേഖലകളായി തരംതിരിക്കേണ്ടതും അതത് മേഖലകളുടെ അതിർത്തികൾ താൽകാലികമായി നിശ്ചയിക്കേണ്ടതും മേഖലകൾ നോട്ടീസ് മൂലം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഒരിക്കൽ അന്തിമമായി നിശ്ചയിച്ച മേഖലതരംതിരിവിന് കുറഞ്ഞത് വസ്തു നികുതി നിർണ്ണയം പ്രാബല്യത്തിരിക്കുന്ന അഞ്ചു വർഷകാലയളവ് വരെയും തുടർന്ന് പഞ്ചായത്ത് വീണ്ടും ഒരു മേഖല നിർണ്ണയം നടത്താത്ത പക്ഷം തുടർന്നുള്ള കാലയളവിലേക്കും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള അന്തിമമേഖല തരംതിരിവ് പട്ടിക ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5/17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അന്തിമമേഖല തരംതിരിവ് പട്ടിക ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് മേഖല നിർണ്ണയം നടത്താത്ത പക്ഷം എപ്രകാരമാണ് മേഖല അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിക്കുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

### 1-12 ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വിവിധ ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 5/5 നമ്പർ കെട്ടിടത്തിൽ ഒ.ടി.എം.നൗഷാദ്, കരുവൻപടി,ചെറുകുടങ്ങാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പഞ്ചായത്തിന്റെ പരിധിയിൽ 70 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഫ്യുവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. ഫ്യുവൽ സ്റ്റേഷന് 2428രൂപ വാർഷിക വസ്തുനികുതി ഈടാക്കിവരുന്നുണ്ട്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ ഈ സ്ഥാപനം ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-6/18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-12-2 പഞ്ചായത്ത് പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല.

പരുതൂർ ഗ്രാമപഞ്ചായത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസിനുമായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ലൈസൻസ് രജിസ്റ്ററുണ്ടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ കഴിയില്ല. നിലവിലുള്ളതും പുതിയതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-12-3 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്കുള്ള ഫീസ് ഈടാക്കിയതിൽ കുറവ്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-IIIൽ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ലൈസൻസ് അപേക്ഷ

പരിശോധിച്ചതിൽ ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 154/2021-22 /B2/1259/21 Dated 19.04.2021 | ന്യൂ നൈസ് ഫ്ളോർ & ഓയിൽ മിൽ | 35 HP | 400 | 200 | 200 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-6/18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12-4 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ആവശ്യമായ കാടഫാമുകൾക്ക് FTE&OS ലൈസൻസ് അനുവദിച്ചു

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം2 (എൻ) നിർവചനപ്രകാരം മുട്ടയ്ക്കോ മാംസത്തിനോ വേണ്ടി കോഴികളെയോ കാടകോഴികളെയോ ടർക്കികളെയോ താറാവുകളെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വളർത്തുപക്ഷികളെയോ വളർത്തുന്ന ഇടമോ ഡീപ് ലിറ്റർ സമ്പ്രദായത്തിലോ കൂടുകളിലോ തീവ്രപരിപാലന സംവിധാനത്തിലോ വാണിജ്യാവശ്യത്തിന് കോഴികളെ വളർത്തുന്ന ബ്രോയിലർ ഫാമും മുട്ടവിരിയിക്കുന്ന ഹാച്ചറിയും ഉൾപ്പെടുന്നവയാണ് പൗൾട്രിഫാമുകൾ. ചട്ടം 2 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അപ്രകാരമുള്ള ലൈസൻസിലും മേൽ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകാനോ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള കാടഫാമുകൾക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ആണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ & തീയതി | മൂലധന നിക്ഷേപം(PCB സാക്ഷ്യപത്രം പ്രകാരം) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| ജറുസലേം ക്വയിൽ ഫാം(Quil Farm) | 45/2021-2022 /B2/1512/21 Dated 17.04.2021 | 12.65 ലക്ഷം | 1000 |
| പട്ടാമ്പി ക്വയിൽ ഫാം(Quil Farm) | 46/2021-2022 /B2/1513/21 Dated 17.04.2021 | 3.7 ലക്ഷം | 600 |

ചട്ടം 6,7 പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം

ചെയ്യേണ്ടതുമാണ്.

ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

പഞ്ചായത്ത് പരിധിയിലെ പ്രവർത്തിക്കുന്ന ഫാമുകൾ കണ്ടെത്തുന്നതിലും ആയവയ്ക്ക് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നതിലും ആറുമാസം കൂടുമ്പോൾ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-6/18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടുള്ള താഴെ പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

1. സ്ഥാപനത്തിന്റെ പേര്- പഞ്ചാബ് നാഷണൽ ബാങ്ക്

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ദിനേശ്കുമാർ | ബി.എം |
| 2 | ജിബിൻ വിക്ടർ | ഓഫീസർ |
| 3 | ആതിര.കെ.എ | ഹെഡ് ക്ളർക്ക് |
| 4 | മധുസൂധനൻ.സി | SWO-ബി |
| 5 | സനൽ.എ | PCD |
| 6 | സുനിൽ.എ | PTS |

2. സ്ഥാപനത്തിന്റെ പേര്- റെയിൽവേ, പള്ളിപ്പുറം

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ജയകുമാർ.ജെ | എസ്.എസ് |
| 2 | സജറുന്നീസ.കെ.എസ് | ട്രാക് മാൻ |
| 3 | രാജേഷ് ബാബു.പി.ആർ | ട്രാക് മാൻ |
| 4 | ദേവദാസ്.സി | ട്രാക് മാൻ |
| 5 | മുഹമ്മദ് മുസ്തഫ | GT MAN |
| 6 | കാജാ ഹുസൈൻ | ട്രാക് മാൻ |
| 7 | അബ്ദുൾ റഷീദ് | ട്രാക് മാൻ |
| 8 | ദീപ.ടി.പി | ട്രാക് മാൻ |

മേൽ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നമ്പർ-12/21.03.2023). ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-14 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ) സമയബന്ധിതമായി തയ്യാറാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ

(എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ILGMS(Integrated Local Self-Governance Management System) സോഫ്റ്റ് വെയറിൽ ലഭ്യമായ റീകൺസീലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ 2022 ഒക്ടോബർ മാസത്തിനുശേഷം റീകൺസീലിയേഷൻ നടത്തിയതായി കാണുന്നില്ല.

| ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|
| LGTSB OWNFUND | 799013000000788 |
| PSCB OWN FUND | 790 |
| PSCB-SPECIAL FUND | 3620 |
| PUNJAB NATIONAL BANK MGNREGS | 4330000100045594 |
| SBI HEALTH CONVERSION OF WELLNESS CENTRE | 40994018087 |
| SBI HEALTH GRANT DIAGNOSTIC INFRASTRUCTURE | 40994017141 |
| STATE BANK OF INDIA CFC PFMS | 38515461354 |

ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2022 നവംബർ മാസം മുതലുള്ള പൊരുത്തപ്പെടുത്തൽ പത്രിക (Reconciliation Statement) തയ്യാറാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-2/16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ മാസവും 5ാം തീയതിക്കുള്ളിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-15 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI മുതല ബ്രാഞ്ചിൽ 0000037681085431 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 15727/- രൂപ 31-03-2022 ന് നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വൃദ്ധർക്ക് കട്ടിൽ വിതരണം - വാങ്ങൽ നടപടിക്രമങ്ങളിൽ അപാകതകൾ

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350രൂപയിൽ അധികമാകാതെ 1.98 മീറ്റർ നീളവും 90 സെന്റീ മീറ്റർ വീതിയും മുൻകാലിന് 60 സെന്റീ മീറ്റർ പിൻകാലിന് 50 സെന്റീ മീറ്റർ ഉയരവുമുള്ള 8 മില്ലീ മീറ്റർ കനമുള്ള പ്ളൈവുഡ് ഉറപ്പിച്ച മരത്തടിയിൽ അല്ലെങ്കിൽ സ്റ്റീലിൽ പണിത കട്ടിൽ വാങ്ങിനൽകുന്നതിന് ലക്ഷ്യം വെച്ച് പരുളൂർ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 13/2022 |
| അടങ്കൽ | 4,17,600/-(4,00,00രൂപ വികസന ഫണ്ട്, 17,600-തനത് ഫണ്ട്) |
| ചെലവ് | 4,03,200/-(4,00,00രൂപ വികസന ഫണ്ട്, 3,200-തനത് ഫണ്ട്) |
| ബിൽ നമ്പർ | 13/2021-22 തുക-4,00,000/-<br>ചെക്ക്നമ്പർ-039667/25.03.2022<br>തുക-3200/- |

ആർട്കോ(ARTCO -Artisans Development Co-operative Limited) എന്ന ഏജൻസിയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. ആർട്ട്കോയിൽ നിന്നും 96 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. കട്ടിൽ ഒന്നിന് 4200രൂപയാണ് ഏജൻസിയ്ക്ക് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1)ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് ആർട്ട്കോ മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/ എസ്.പി.ഡി തിയതി 02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2)25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ മാർക്കറ്റ്) പോർട്ടലിൽ നിലവിലുണ്ടോ എന്ന് പരിശോധിച്ച് GeM പോർട്ടലിൽ ഇല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്. ആയത് GeM ൽ ഉണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-16/22.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) സ്ഥാപനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്ന സാധനങ്ങൾ മാത്രം 5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി മാത്രം നേരിട്ട് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) നിർവഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സന്ദർഭങ്ങളിൽ സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, തിയതി 8-11-2010 പ്രകാരമുള്ള പ്രോക്യൂർമെന്റ് മാർഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലുമാണ് ബാധകം. കൂടാതെ ജി.ഒ(പി)നം.7/19/SPD, തിയതി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM പോർട്ടലിലൂടെ വാങ്ങേണ്ടതാണെന്നും GeM പോർട്ടലിൽ ലഭ്യമല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം വാങ്ങുമ്പോൾ 25000 മുതൽ

100000 രൂപ വരെ ലിമിറ്റഡ് ടെണ്ടർ, 100000 രൂപ മുതൽ 5 ലക്ഷം രൂപ വരെ ഓപ്പൺ ടെണ്ടർ, 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ എന്നീ രീതികൾ അവലംബിക്കേണ്ടതാണ്.

## 1-17 കുടുംബാരോഗ്യകേന്ദ്രം ഓഫീസ് അനുബന്ധചെലവുകൾ- ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല.

പ്രൊജക്റ്റ് നമ്പർ-258/2022

പ്രൊജക്ടിന്റെ പേര്-എഫ്.എച്ച്.സി ഓഫീസ് അനുബന്ധചെലവുകൾ
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി

അടങ്കൽ-3,98,847/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ്-3,94,107/-
അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തികൾക്കായി 1,37,000രൂപ ചെലവഴിച്ചിട്ടുണ്ട്. (31.03.2022 തീയതിയിലെ ട്രഷറി ബിൽ നമ്പർ-19/21-22 ). കെ.കെ. അലൂമിനിയം ഫാബ്രിക്കേഷൻ ,കരമ്പത്തൂർ എന്ന സ്ഥാപനത്തിന് 3 ബില്ലുകളിലായാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)ക്യാഷ് ബില്ല് തീയതി- 11.02.2022 തുക-47,000/-

Ii)ക്യാഷ് ബില്ല് തീയതി- 11.02.2022 തുക-45,250/-

Iii)ക്യാഷ് ബില്ല് തീയതി- 11.02.2022 തുക-44,750/-

ബില്ലിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടുള്ളതിൽ ടെണ്ടർ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. ടെണ്ടർ നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ-18/22.03.2023) മറുപടിയിൽ വ്യത്യസ്ത കെട്ടിടങ്ങളിലായി വ്യത്യസ്ത സമയത്ത് ചെയ്ത പ്രവർത്തികളുടെ ആകെ തുകയാണ് 1,37,000രൂപ എന്നാണ് അറിയിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കൽ, ടെണ്ടർ സമർപ്പിക്കൽ, സ്വീകരിക്കൽ, തുറക്കുന്നതിനു മുമ്പും തുറക്കുന്ന സമയത്തും തുറന്നതിനു ശേഷവുമുള്ള നടപടികൾ, വിലപേശൽ, ഇ.എം.ഡി സ്വീകരിക്കൽ എന്നിങ്ങനെയുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് മേൽ പ്രവൃത്തി നടത്തിയിട്ടുള്ളത് . ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതാണ്.

## 1-18 വീട് പുനരുദ്ധാരണം - അധികം തുക അനുവദിച്ചിരിക്കുന്നു

വീട് പുനരുദ്ധാരണത്തിനായി 15000 രൂപ വീതം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെചേർക്കുന്ന പ്രൊജക്ടുകളുടെ ലക്ഷ്യം. ചെലവുരേഖകൾ പരിശോധിച്ചതിൽ രണ്ടു ഗുണഭോക്താക്കൾക്ക് പ്രൊജക്ട് പ്രകാരം നിശ്ചയിച്ചതിലും അധികം തുക നൽകിയിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് | 122/22 SO, വീട് പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | 492417-<br>വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് | 492417 |
| ബിൽ നം./തീയതി | 2/21-22/31.08.21-207417<br>4/21-22/28.09.21-60000<br>5/21-22/28.09.21-60000<br>19/21-22/08.03.22-60000<br>30/21-22/21.03.22-45000<br>35/21-22/25.03.22-60000 |

2)

| | |
|---|---|
| പ്രൊജക്റ്റ് | 260/22, വീട് പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | 960000 (624264 – വികസനഫണ്ട് ജനറൽ, 335736- തനത് ഫണ്ട്) |
| ചെലവ് | 540000 - വികസനഫണ്ട് ജനറൽ |
| ബിൽ നം./തീയതി | 24/21-22/17.03.22-300000<br>29/21-22/21.03.22-150000<br>33/21-22/23.03.22-90000 |

തുക അനുവദിച്ചതിന്റെ വിശദാംശം

| പ്രൊജക്റ്റ് നം. | ഗുണഭോക്താവ്, ബാങ്ക് അക്കൗണ്ട് | അനുവദിച്ച തുക/ബിൽ നം/തീയതി | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| 122/22 (SO) | ശ്രീമതി സരസ്വതി, PUNB0433000-4330000100080171 | 15000-2/21-22/ 31.08.21, 15000-4/21-22/ 28.09.21. ആകെ -30000 | 15000 | 15000 |
| 260/22 | ശ്രീമതി സജിത വി ടി, PUNB0433000-4330001700056272 | 15000-29/21-22/ 21.03.21, 15000-4/21-22/ 28.09.21. ആകെ -30000 | 15000 | 15000 |

മേൽപ്പട്ടികയിൽ പരാമർശിച്ച പ്രകാരം രണ്ടു ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്യുതായുള്ള ഓവർസിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റിൽ അനുവദനീയമായ തുക നൽകുന്നതിനു പകരം 15000രൂപ വീതം അധികം അനുവദിച്ചിരിക്കുന്നു. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 11/21.03.23 നൽകിയതിന് ശ്രദ്ധക്കുറവു മൂലം സംഭവിച്ചതാണെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 15000രൂപ വീതം രണ്ടുതവണകളായി ക്രെഡിറ്റ് ആയിട്ടുണ്ടെന്നും തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും എത്രയും പെട്ടെന്ന് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

ധനസഹായമായി രണ്ടു ഗുണഭോക്താക്കൾക്കുമായി അധികം നൽകിയ ആകെ തുക 30000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ അർഹമായ തുകയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായതെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാർ പണം അനർഹമായി ചെലവഴിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടിയുടെ

വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-19 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതി രണ്ടാംഘട്ടത്തിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനുള്ള ധനസഹായമായ നാലുലക്ഷം രൂപയിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക/തീയതി | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | ഷീബ മോഹനൻ, ഇരട്ടയിൽ തൊടി, പഴയങ്ങാടി | 40000/ 23.10.21 | 03.11.20 |
| 2 | പ്രീത കൃഷ്ണൻകുട്ടി, നരിപ്പറ്റപ്പടി | 40000/ 20.01.22 | 24.09.20 |
| 3. | മുബീന മുഹമ്മദ് അൻസാരി, കളയാടത്ത് | 40000/01.08.2018, 160000/15.01.19, 60000/11.04.2019 | 02.07.18 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, പണി പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 17/22.03.23 നൽകിയതിന് ശ്രീമതി ഷീബ ഫൗണ്ടേഷനിൽ നിന്നും തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറ്റു രണ്ടു ഗുണഭോക്താക്കൾ നാളിതുവരെയും തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നോട്ടീസ് അയയ്ക്കുകയും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-20 CPRCS മുഖേന കമ്പ്യൂട്ടർ, സ്കാനർ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 265/22, അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്, എം ജി എൻ ആർ ഇ ജി എസ് ഓഫീസ്, കൃഷി ഭവൻ എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ. |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000, മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം |
| ചെലവ് | 293864, മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം |
| ബിൽ നം | 21/21-22/21.02.22 (40036/-)<br>22/21-22/21.03.22 (25906/-)<br>27/21-22/21.03.22 (227922/-) |

മേൽ പ്രൊജക്ടിലുൾപ്പെടുത്തി Gem മുഖേന ആറു ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകളും CPRCS മുഖേന നാലു A4-Monochrome Network Laser Printer-ഉം വാങ്ങുന്നതിനായി നിയൂര ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 227922രൂപയും കേരള സ്റ്റേറ്റ് ഐ ടി മിഷൻ അക്കൗണ്ടിലേക്ക് 65942രൂപയും കൈമാറിയിട്ടുണ്ട്. ലഭ്യമായ ആറു കമ്പ്യൂട്ടറുകളിൽ എ ഇ ഓഫീസിലേക്കും കൃഷിഭവനിലേക്കും നൽകിയ ഓരോ കമ്പ്യൂട്ടറുകളുടെ കൈപ്പറ്റ് രശീതി ചെലവു രേഖകളോടൊപ്പമുണ്ട്. ശേഷിക്കുന്ന നാലെണ്ണം

വിതരണം ചെയ്തതിന്റെ വിവരം, ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

CPRCS മുഖേന പ്രിന്റർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് (ട്രഷറി അക്കൗണ്ട് നം. 799011400003959) ബിൽ നം. 21, 22 എന്നിവ പ്രകാരം നൽകിയിട്ടുണ്ടെങ്കിലും (പ്രോഫോമ ഇൻവോയ്സ് നം.34407/20-21/21.03.22-25906, 34406/20-21/21.03.22-40036) നാളിതുവരെയും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 3/17.03.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും തുക കൈമാറി നാളിതുവരെയും ലഭ്യമാകാത്ത ഉപകരണങ്ങൾ ലഭ്യമാക്കുവാനും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതു മരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിൽ പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | മംഗളം - വേലായുധൻപടി റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം. SO 154/21-22)<br>കരാറുകാരൻ:<br>ടി. ഇബ്രാഹിം<br>എഗ്രിമെന്റ് നം./<br>തീയതി 117/29-02-2020<br>PAC: 89221/-<br>പ്രവൃത്തിയുടെ കാലാവധി -6മാസം ആരംഭിച്ച തീയതി -29-02-2020<br>പൂർത്തീകരിച്ച തീയതി: 17-03-2021 എം.ബുക്ക്നം. 125/21<br>ഫൈനൽ ബിൽ നം. /തീയതി : 30/08-09-2021 തുക-99995/- | 28-08-2020 മുതൽ<br>12-10-2020 വരെ (PAC യുടെ 1%)<br><br>13-10-2020 മുതൽ<br>17-03-2021 വരെ(PAC യുടെ 2%)<br><br>ആകെ | 892<br><br>1784<br><br>2676 | 0 | 2676 |
| 2 | മുക്കിലപീടിക പള്ളിക്ക് സമീപം കൾവർട്ട് (പ്രോജ.നം. 183/21-22)<br>കരാറുകാരൻ :<br>ടി. ഇബ്രാഹിം<br>എഗ്രിമെന്റ് നം./ തീയതി 1/24-06-2020<br>PAC: 177973<br>പ്രവൃത്തിയുടെ കാലാവധി -6മാസം (23-12-2020)<br>ആരംഭിച്ച തീയതി 24-06-2020<br>പൂർത്തീകരിച്ച തീയതി: 31-03-21<br>എം.ബുക്ക്നം. -130/20-21<br>ഫൈനൽ ബിൽ നം. / തീയതി : 44/09-12-2021<br>തുക 185000/- | 24-12-2020 മുതൽ<br>09-02-2021 വരെ (PAC യുടെ 1%)<br>09-02-2021<br>മുതൽ<br>31-03-2021 (PACയുടെ 2%)<br>വരെ<br>-------<br>ആകെ | 1779<br>3558<br>======<br>5337 | 0 | 5337 |
| 3 | പുളിയപറ്റ കോളനി റോഡ് സൈഡ് ബെൽറ്റ് (പ്രോജ.നം. | 09-09-2020 മുതൽ | 499<br>998 | 0 | 1497 |

| | | | | | |
|---|---|---|---|---|---|
| | 149/21-22)<br>കരാറുകാരൻ :<br>ഹാജ ഹുസൈൻ<br>എഗ്രിമെന്റ് നം./ തീയതി 126/10-03-2020<br>PAC: 49992/-<br>പ്രവൃത്തിയുടെ കാലാവധി -6മാസം (09-09-2020)<br>ആരംഭിച്ച തീയതി 10-03-2020<br>പൂർത്തീകരിച്ച തീയതി: 26-08-2021<br>എം.ബുക്ക്നം. -126/20-21<br>ഫൈനൽ ബിൽ നം. / തീയതി : 50/28-01-2022<br>തുക 46422/- | 23-10-2020 വരെ(PAC യുടെ 1%)<br>23-10-2020<br>മുതൽ<br>26-08-2021<br>വരെ(PAC യുടെ 2%)<br>-------<br>ആകെ | ======<br>1497 | | |
| | | | | ആകെ | 9510/- |

മേൽ കാണിച്ച പ്രകാരം ആകെ ഈടാക്കേണ്ട തുക 9510/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-22 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയത് ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 20/23-03-2023 കാണുക)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയത്/ ഭരണസമിതി തീരുമാനം | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | പനങ്കാവിൽ റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം. 186/21-22)<br>PAC-89164/-<br>ബിൽ നം.32/08-09-21 തുക-90000/- | 3(2)/ 25-08-2020 | 75/ 15-10-2020<br>എം.അലി | 1000/-(APAC യുടെ 1%) |

| | | | | |
|---|---|---|---|---|
| 2. | ഷാപ്പം പറമ്പ്-മഞ്ഞം പള്ളിയാലിൽ റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം. SO178/21-22) APAC-177916/- ബിൽ നം.32/08-09-21 തുക-131428/- | 3(2)/ 25-08-2020 | 78/23-10-2020 വി.യു.മുഹമ്മദ് ആഷിഖ് | 1779 (APAC യുടെ 1%) |
| | | | ആകെ | 2779/- |

1-23 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

Kerala Panchayat Raj (Constitution And Utilisation Of Distress Relief Fund) Rules, 2003 ചട്ടം അനുസരിച്ച് അടിയന്തിര സഹായം ആവശ്യമായ ആൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് 500 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ, ദീർഘകാല രോഗങ്ങൾ, അപകടങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന ആളുകൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിച്ച് ഇതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/17.03.23) മറുപടി ലഭ്യമാക്കിയില്ല.

1-24 വിവാഹധനസഹായം - സമയപരിധി പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 18/22, പട്ടികജാതി വിവാഹധനസഹായം |
| അടങ്കൽ | 1050000 (900000 – വികസനഫണ്ട് എസ് സി പി, 150000-തനത് ഫണ്ട്) |
| ചെലവ് | 900000 (വികസനഫണ്ട് എസ് സി പി) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം./തീയതി | 1/21-22/29.09.21-525000, 2/21-22/19.11.21-300000, 3/21-22/25.02.22-75000 |

17.09.18-ലെ സ.ഉ(കൈ)നം.2438/2018/തസ്വഭവ പ്രകാരം വിവാഹധനസഹായത്തിനുള്ള അപേക്ഷ വിവാഹം നടന്ന് 180 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. സമയപരിധിയ്ക്കകം അപേക്ഷിക്കാത്ത കേസുകളിൽ ജില്ലാകളക്ടറുടെ അനുമതിയോടെ ധനസഹായം നൽകാവുന്നതാണ്. ഈ പ്രൊജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച നിഷ (D/oവേലായുധൻ കെ പി, കൊച്ചിയിൽപ്പടി ഹൗസ്, കൊട്ടുമുണ്ട)-യുടെ വിവാഹം നടന്നിരിക്കുന്നത് 11.11.20 -നാണ്. ഗുണഭോക്താവ് അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതും പഞ്ചായത്ത് കൈപ്പറ്റിയിരിക്കുന്നത് 16.07.21-തീയതിയിലുമാണ്. എന്നാൽ മേൽപരാമർശിച്ച ഉത്തരവു പാലിക്കാതെ പ്രൊജക്ടിലുൾപ്പെടുത്തി വിവാഹധനസഹായമായി 75000രൂപ (ബിൽ നം. 2/21-22/19.11.21) നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവുപാലിക്കാതെ ധനസഹായം അനുവദിച്ചതിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് കോവിഡ് മഹാമാരിയുടെ കാലമായതിനാൽ അപേക്ഷകന് യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞില്ലെന്നും അപേക്ഷകന്റെ അർഹത ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നും കൂടാതെ കോവിഡ് അനുബന്ധ അടിയന്തിരജോലികളിൽ പഞ്ചായത്ത് ചുമതലപ്പെടുത്തിയതിനാൽ ബഹു. ജില്ലാകളക്ടറുടെ അനുമതിക്ക് അയക്കാൻ കഴിയാതെ വന്നുവെന്നും മറുപടി ലഭ്യമാക്കി.

ഭാവിയിൽ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന അപേക്ഷകളിൽ പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പാലിക്കേണ്ടതും സമയപരിധിയ്ക്കകം

സമർപ്പിക്കപ്പെടാത്തവയിൽ മേൽ ഉത്തരവു പ്രകാരം ജില്ലാകളക്ടറുടെ അനുമതിയ്ക്കു വിധേയമായി മാത്രം ധനസഹായം അനുവദിക്കേണ്ടതുമാണ്.

1-25 ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | 231/22, കോന്തത്ത് കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുത ലൈൻ വലിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 35386രൂ |
| ചെലവ് | 35386രൂ |
| സാങ്ഷൻ ഓർഡർ നം./തീയതി | 139/07.01.22 |

കോന്തത്ത് കുടിവെള്ള പദ്ധതിയുടെ മോട്ടോർഷെഡ് വയറിംഗ് പ്രവർത്തി നടത്തുന്നതിനായി 28546രൂപ ചെലവഴിക്കുകയും മോട്ടോർഷെഡിലേക്ക് വൈദ്യുതകണക്ഷൻ ലഭ്യമാക്കുന്നതിനായി തൃത്താല ഇലക്ട്രിക് സെക്ഷന് എസ്റ്റിമേറ്റ് നം. DBO/LSGD/ESTLA/21-22/88/29.12.21 പ്രകാരം 6840രൂ നൽകുകയും ചെയ്തിട്ടുണ്ട്. വയറിംഗ് പ്രവർത്തി പൂർത്തിയാക്കിയതായി രേഖകളിലുണ്ടെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമായതിന്റെയും ഇതിനായി ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയ തുക വിനിയോഗിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. വിശദാംശം ഓഡിറ്റ് അന്വേഷണം 19/23.03.23 മുഖേന ആവശ്യപ്പെട്ടതിന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

1-26 സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ താഴെചേർക്കുന്ന പ്രൊജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ/ഫണ്ട് | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 1 | 274/22 | 400000/ തനത് ഫണ്ട് | 0 | 344872 |
| 2 | 3/22 | 150750 (50750- വി കസന ഫണ്ട് - ജനറൽ, 100000-തനത് ഫണ്ട്) | 0 | തനത് ഫണ്ട് -98948 |

| | | | | |
|---|---|---|---|---|
| 3 | 5/22 | 576000 (തനത് ഫണ്ട്) | 0 | 368100 |
| 4 | 291/22 | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 150000 |
| 5 | 296/22 | 77250 (തനത് ഫണ്ട്) | 0 | 42120 |

ഓഡിറ്റ് അന്വേഷണം 19/23.03.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1-27 അഗതിരഹിത കേരളം പദ്ധതി - മാർഗ്ഗരേഖ പാലിച്ചിട്ടില്ല

കുടുംബശ്രീയുടെ തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.-4330000100043453 പഞ്ചാബ് നാഷണൽ ബാങ്ക്) 31.03.22-ന് 5235057രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു. ഈ തുകയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലക്ഷംവീട് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭ്യമായിട്ടുള്ള പ്ലാൻ ഫണ്ട് തുക 637500 രൂപയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ആശ്രയ പദ്ധതി വിഹിതം 739920 രൂപയും അവശേഷിക്കുന്നതായി കാഷ് ബുക്കിലും KAS ഓഡിറ്റ് റിപ്പോർട്ടിലെ ബാലൻസ് ഷീറ്റിലും രേഖപ്പെടുത്തിയിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ സ ഉ (എം എസ്) നം. 252/2017 തസ്വഭവ/12.12.2017-ലെ ഖണ്ഡിക 3-4, സ ഉ (എം എസ്) നം.182/2018തസ്വഭവ/05.12.208 എന്നിവ പ്രകാരം ആശ്രയപദ്ധതിയ്ക്ക് അനുവദിക്കപ്പെട്ടതും വിനിയോഗശേഷം അവശേഷിക്കുന്നതായ മുഴുവൻ തുകയും അഗതിരഹിത കേരളം പദ്ധതിയ്ക്കായി തുടങ്ങുന്ന പുതിയ അക്കൗണ്ടിന്റെ മുന്നിരിപ്പായി ഉൾപ്പെടുത്തേണ്ടതും അഗതിരഹിത കേരളം പദ്ധതിയ്ക്കായി ഉപയോഗിക്കേണ്ടതുമാണ്. എന്നാൽ തുകകൾ നാളിതുവരെയും അഗതിരഹിത കേരളം പദ്ധതിയ്ക്കായി ആരംഭിച്ച (അക്കൗണ്ട് നം.-4330000100043453 പഞ്ചാബ് നാഷണൽ ബാങ്ക്) ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 15/22.03.23 നൽകിയതിന് പ്ലാൻഫണ്ട് തുകയായതിനാലാണ് ട്രാൻസ്ഫർ ചെയ്യാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-28 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കി

1)

| | |
|---|---|
| പ്രൊജക്ട് | 242/22 SO, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ |
| അടങ്കൽ | 450000<br>(360000 – വികസനഫണ്ട് എസ് സി പി,<br>90000-തനത് ഫണ്ട്) |
| ചെലവ് | 447701 (357701-വികസനഫണ്ട് എസ് സി പി, 90000 -തനത് |

| | |
|---|---|
| | ഫണ്ട്) |
| ബിൽ നം./തീയതി | 5/21-22/10.03.21-357701, 2/21-22/19.11.21-90000 |

2)

| | |
|---|---|
| പ്രൊജക്ട് | 17/22, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ |
| അടങ്കൽ | 450000<br>(360000 – വികസനഫണ്ട് എസ് സി പി,<br>90000-തനത് ഫണ്ട്) |
| ചെലവ് | 90000 -തനത് ഫണ്ട് |
| ബിൽ നം./തീയതി | 5/21-22/10.03.21-357701, 2/21-22/19.11.21-90000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകുന്നതിനായി A3/3333/2021/10.11.21 നം. ടെണ്ടർ പരസ്യം നൽകി 26.11.21-ന് ടെണ്ടർ നടത്തി.

<u>ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷൻ</u>

Tank Capacity – 500 Litre

ISI Marked – Yes

Shape Of Tank – Cylindrical Vertical

No Of Layers - Double Layer

Use Of Tank – Out Door

Colour – Blue/ White

മേൽപ്പറഞ്ഞ രണ്ടു പ്രൊജക്ടുകൾക്കുമായി നടത്തിയ ടെണ്ടറിൽ ആറു സ്ഥാപനങ്ങൾ പങ്കെടുത്തു. പങ്കെടുത്ത സ്ഥാപനങ്ങൾ ISIമുദ്രയുള്ള ടാങ്കുകളുടെയും ISO നിലവാരമുള്ള ടാങ്കുകളുടെയും വില ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്നു. ISIമുദ്രയുള്ള വാട്ടർ ടാങ്കിന് രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ നിരക്ക് 3190 രൂപയും ഒരു ടാങ്കിന് ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 2500രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നതിനാലും പങ്കെടുത്ത ഇതേ സ്ഥാപനങ്ങളിൽ നിന്നും ഗുണനിലവാരമുള്ള ISO വാട്ടർടാങ്കുകൾ വാങ്ങിനൽകുന്നതിന് 08.12.21-ൽ നടന്ന് ഭരണസമിതിയോഗത്തിന്റെ 4/2നം. തീരുമാനപ്രകാരം നിശ്ചയിച്ചു. കുറഞ്ഞ നിരക്കായ 2420രൂപ ക്വാട്ട് ചെയ്ത സൺസിറ്റി ഏജൻസീസ്, വെസ്റ്റ് കൊടുമുണ്ട, പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 19.01.22-ലെ 1/8 നം. തീരുമാന പ്രകാരം സൺസിറ്റി ഏജൻസീസിന് സപ്ലൈ ഓർഡർ (നം. എ3/506/22/07.02.22) നൽകിയിട്ടുണ്ട്.

മേൽപട്ടികയിലെ സ്പിൽ ഓവർ പ്രൊജക്ടിനായി ഇൻവോയ്സ് നം. 10/04.03.22 പ്രകാരം 185 വാട്ടർ ടാങ്കുകൾ 2420രൂ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 500രൂപ നിരക്കിലാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരിക്കുന്നത്.

പ്രൊജക്ട് നം. 17/22-നായി 47500രൂ ഗുണഭോക്തൃവിഹിതം 500 രൂപ നിരക്കിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും പദ്ധതി വിഹിതം സൺസിറ്റി ഏജൻസിയ്ക്ക് കൈമാറുകയോ ടാങ്ക് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടായി 2022-23-ലാണ് ചെലവ് നടന്നിരിക്കുന്നത്.

സബ്സിഡി-ധനസഹായ മാർഗ്ഗരേഖ 14.02.2018-ലെ സ.ഉ (കൈ) നം. 22/2018/ത സ്വ ഭ വ -ലെ ഖണ്ഡിക 6-6 പ്രകാരം പി വി സി വാട്ടർ ടാങ്കിനായി അനുവദിക്കാവുന്ന സബ്സിഡി, വിലയുടെ 75% -ആണ്.

ചെലവുരേഖകൾ പരിശോധിച്ചതിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ വാട്ടർ ടാങ്കിന്റെ വില – 2420രൂ

ഒരു ടാങ്കിന് ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ട തുക (വിലയുടെ 25%) -605രൂ

ഒരു ടാങ്കിന് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക – 500രൂ

കുറവായി ഈടാക്കിയ തുക - 105

ആകെ വാങ്ങിയ ടാങ്കുകൾ - 185 എണ്ണം

185 ടാങ്കുകൾക്ക് ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ തുക - 185x105=19425രൂ

വിഷയം ഓഡിറ്റ് അന്വേഷണം 7/18.03.23 മുഖേന അറിയിച്ചതിന് സാമ്പത്തിക വർഷാവസാനം പദ്ധതി നടപ്പിലാക്കിയതിനാൽ ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയത് ശ്രദ്ധിക്കാൻ പറ്റിയില്ലെന്നും പിന്നീട് ശ്രദ്ധയിൽപ്പെട്ടതിനാൽ 14.07.22-ലെ 5/4 നം. ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃവിഹിതത്തിൽ കുറവ് വന്ന് തുക ഈടാക്കുന്നതിന് കത്ത് നൽകുകയും തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന സബ്സിഡിയിലും അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അധികം നൽകിയ 19425രൂ നിരാകരിക്കുന്നു. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്

(ഖണ്ഡിക 3-2 കാണുക)

## 1-29 സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 111പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ പുനർവിവാഹിതയല്ല സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല തുടങ്ങിയ വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം |
|---|---|---|---|

| | | | അവസാനം തുക കൈമാറിയ മാസം |
|---|---|---|---|
| 1 | നീലാണ്ടൻ | 108170200569 | ജൂലൈ 2019 |
| 2 | കോത | 108170200477 | ഏപ്രിൽ 2019 |
| 3 | ചക്കി | 108170100048 | ജൂലൈ 2019 |
| 4 | നീലി | 108170100287 | ഏപ്രിൽ 2019 |

ബാങ്ക് വഴിയും ഡയറക്റ്റ് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി പരിശോധിച്ച് അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | പദ്മിനി കെ കെ | 108170202003 | 06.10.22 | 11/22 മുതൽ 12/22 | 1600x2= 3200 |
| 2. | യശോദര അമ്മ | 108170201349 | 16.05.21 | 06/21 മുതൽ 10/21 വരെ | 1600x5= 8000 |
| 3. | കമലാക്ഷി അമ്മ | 10810202072 | 18.08.21 | 09/21 മുതൽ 10/21 വരെ | 1600x2= 3200 |
| 4 | മാടമ്പി കെ പി | 108170202234 | 27.09.20 | 10/20 മുതൽ 02/21 വരെ | 1400x3+1500x2= 7200 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് മേൽപ്പരാമർശിച്ച അപാകതകൾക്ക് വിശദീകരണം, ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്നിവ ഓഡിറ്റ് അന്വേഷണം 10/21.03.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

നിർദ്ദേശങ്ങൾ

1. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകിയത് കണ്ടെത്തുന്നതിനായി

മരണ രജിസ്റ്ററിലെ വിവരം പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3. മരണപ്പെട്ടവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

4. സേവന സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന ബിൽ ഡിസ്ക്രിപൻസി റിപ്പോർട്ട് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത മറ്റ തദ്ദേശസ്ഥാപനങ്ങളിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാത സ്ഥാപനങ്ങളെ അറിയിക്കുന്നതിന നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-30 വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന 451 പൊതുടാപ്പുകൾക്കുള്ള തുക ടാപ്പൊന്നിന് 5512.50 രൂപ പ്രകാരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ടായിരുന്നു. ആയത് പ്രകാരം പ്രതിമാസം അടവാക്കേണ്ട ചാർജ് 217532രൂപയാണ്. 2022-ൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിൽ നടത്തിയ സംയുക്തപരിശോധനയിൽ (കത്ത് നം. PH/PTB/General/2021-22, 5.1.22) പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 142 ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശികയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെചേർക്കുന്നു.

1)നിലനിൽക്കുന്ന കുടിശ്ശിക ഏത് കാലയളവ് മുതൽ ഉള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് മാത്രമാണ് ആധികാരികരേഖയായി ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നത്. 2019-20, 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം ഈ വർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ ഡിമാന്റ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

2)2021-22 വർഷത്തിൽ വാട്ടർചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് തുകയൊന്നും അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് അവസാനമായി വെള്ളക്കരം ഒടുക്കിയത് എപ്പോഴാണെന്ന് വ്യക്തമല്ല.

3)വാട്ടർ ചാർജ് കൃത്യമായി അടവാക്കാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ 2022 മാർച്ച് മാസത്തെ ഡിമാന്റ് പ്രകാരം മാർച്ച് മാസം വരെ 57176834 രൂപ കുടിശ്ശികയായി ഒടുക്കുവാനുണ്ട്.

മാർച്ച് മാസത്തെ ഡിമാന്റ് താഴെചേർക്കുന്നു.

കുടിശ്ശിക തുക -₹56012925

പിഴ (2%) -₹1098731

പ്രതിമാസചാർജ് -₹65178

ആകെ -₹57176834

4)സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ മാർച്ച് 2022-ൽ 142 ടാപ്പിന്റെ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2022 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വീണ്ടും 451ടാപ്പുകളുടെ തുകയാണ് ഡിമാന്റ് (58515264രൂ) ചെയ്തിരിക്കുന്നത്. അപാകത പരിഹരിക്കുന്നതിനായി 21.01.2023-ൽ എസ് 3-33/2023 നം. കത്ത് ഷൊർണ്ണൂർ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും പുതുക്കിയ ഡിമാന്റ് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5) ഊർജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ 18.03.23-ലെ ഇ/പി.എച്ച്/എസ് ആർ ആർ/ആംനസ്റ്റി/എസ് ടി/2022 നം. കത്തിൽ നാളിതുവരെയുള്ള 73206283രൂ കുടിശ്ശിക അടയ്ക്കാനുണ്ടായിരുന്നത് ആംനസ്റ്റി വഴി ഒറ്റത്തവണയായി തീർപ്പാക്കുകയാണെങ്കിൽ 23948036രൂ അടച്ച് സെറ്റിൽ ചെയ്യാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക 18.03.23 മുതൽ 12ദിവസത്തിനകം അടവാക്കുവാനും മുടങ്ങുന്നപക്ഷം ആംനസ്റ്റി ആനുകൂല്യം അസാധുവാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല

മേൽപ്പരാമർശിച്ച അപാകതകൾ, കുടിശ്ശിക തുക തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ/ഡിപ്പാർട്ട്മെന്റ് തലത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ, പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 13/22.03.23-ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതും കുടിശ്ശിക തുക അടവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. കുടിശ്ശിക തീർപ്പാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-31 അനുപൂരക പോഷകാഹാര പദ്ധതിയിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ചരക്ക് സേവന നികുതിയിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയില്ല.

വളർച്ചയുടെ ഓരോ ഘട്ടത്തിലും നിർദ്ദേശിച്ചിട്ടുള്ള പോഷകാഹാരത്തിന്റെ അളവും ദിവസവും ആഗിരണം ചെയ്യപ്പെടുന്ന പോഷകാഹാരത്തിന്റെ അളവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി. ഈ പദ്ധതിയിലൂടെ 6 മാസം മുതൽ 6 വയസ് വരെയുള്ള കുട്ടികൾ, ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്നു. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ അങ്കണവാടി പോഷകാഹാരം പദ്ധതിയ്ക്കായി 2021-22 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1) പ്രോജക്ട് നമ്പർ -7/2022 - അങ്കണവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ -23,00,000രൂപ

(വികസനഫണ്ട്-15,91,300, കേന്ദ്രാവിഷ്കൃത ഫണ്ട്- 7,00,000,തനത് ഫണ്ട്-8,700)

ചെലവ്- 22,98,728രൂപ

(വികസനഫണ്ട്-15,98,728, കേന്ദ്രാവിഷ്കൃത ഫണ്ട്- 7,00,000,തനത് ഫണ്ട്-0)

2)പ്രോജക്ട് നമ്പർ-10/2022 -അങ്കണവാടി പോഷകാഹാരം (എസ്.സി.പി)

അടങ്കൽ -11,00,000രൂപ

(വികസനഫണ്ട് SCP -7,00,000/-, കേന്ദ്രാവിഷ്കൃത ഫണ്ട്- 4,00,000)

ചെലവ്- 5,39,546രൂപ

(വികസനഫണ്ട്-2,17,425, കേന്ദ്രാവിഷ്കൃത ഫണ്ട്- 3,22,121)

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ & തീയതി | അമൃതം ന്യൂട്രീമിക്സിന് നൽകിയ തുക (GST ഒഴികെ) |
|---|---|---|
| 1 | നമ്പർ-1089<br>Dated 23.08.2021 | 1,22,010 |
| 2 | നമ്പർ-157<br>Dated 10.01.2022 | 7430 |
| 3 | നമ്പർ-177<br>Dated 15.10.2021 | 1,24,463 |
| 4 | നമ്പർ-968<br>Dated 15.02.2021 | 1,18,090 |
| 5 | നമ്പർ-549<br>Dated 10.03.2021 | 1,04,930 |
| 6 | നമ്പർ-1022 | 1,22,990 |

| | | |
|---|---|---|
| | Dated 24.04.2021 | |
| 7 | നമ്പർ-1033<br>Dated 20.05.2021 | 1,06,470 |
| 8 | നമ്പർ-1047<br>Dated 25.06.2021 | 1,26,665 |
| 9 | നമ്പർ-1087<br>Dated 20.07.2021 | 1,11,510 |
| | ആകെ | 9,44558രൂപ |

മേൽ പ്രൊജക്ടുകൾക്കായി അങ്കണവാടി അനുപൂരക പോഷകാഹാരത്തിന് ചെലവഴിച്ചിട്ടുള്ള 28,38,274രൂപയിൽ ജി.എസ്.ടി കൂടാതെ 9,44558രൂപ ഐശ്വര്യശ്രീ അമൃതം ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, നെല്ലിക്കാട്ടിരി, കുറ്റനാട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിനായാണ് ചെലവഴിച്ചിട്ടുള്ളതാണ്. ജി.എസ്.ടി അടക്കമുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ചരക്ക് സേവന നികുതിയിൽ നിന്ന് ടി.ഡി.എസ് ഈടാക്കിതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ-14/22.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.
വാങ്ങലുകൾ നടത്തുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

1-32 മുൻകൂർ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാതെ ശേഷിക്കുന്നു.

| | |
|---|---|
| MNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ | 951908 |
| സാക്ഷരതാ പ്രേരകിന് ഓണറേറിയം | 9600 |
| ഫെസ്റ്റിവൽ അഡ്വാൻസ് | 3000 |

മുൻകൂറുകൾ ക്രമീകരിച്ചതിന്റെ രേഖകൾക്കായി ഓഡിറ്റ് അന്വേഷണം 4/17.03.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-33 തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൻ വർഷം ഏറ്റെടുത്ത് നടത്തിയ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രവൃത്തി വിഭാഗം | ആകെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | സ്വകാര്യ ഭൂമിയിലെ ജല സംരക്ഷണ- | 94 | 3336079 |

| | | | |
|---|---|---|---|
| | ജലസംഭരണപ്രവൃത്തികൾ | | |
| 2 | ഡ്രോട്ട് പ്രൂഫിംങ് | 38 | 5759678 |
| 3 | പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണം | 42 | 4968554 |
| 4 | ഭൂവികസനം | 39 | 2907519 |
| 5 | വെള്ളപ്പൊക്ക നിയന്ത്രണവും സംരക്ഷണവും | 33 | 3066391 |
| 6 | റോഡ് നിർമ്മാണം | 17 | 1920353 |
| 7 | PMAY വീട് നിർമ്മാണം | 14 | 203700 |
| 8 | ചെറുകിട ജലസേചനം | 2 | 305898 |
| 9 | ലൈഫ് ഭവന പദ്ധതി | 19 | 414384 |
| | ആകെ | 298 | 22882556 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട് പുനരുദ്ധാരണം - അധികം തുക അനുവദിച്ചിരിക്കുന്നു

വീട് പുനരുദ്ധാരണത്തിനായി 15000 രൂപ വീതം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെചേർക്കുന്ന പ്രൊജക്ടുകളുടെ ലക്ഷ്യം. ചെലവുരേഖകൾ പരിശോധിച്ചതിൽ രണ്ടു ഗുണഭോക്താക്കൾക്ക് പ്രൊജക്ട് പ്രകാരം നിശ്ചയിച്ചതിലും അധികം തുക നൽകിയിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് | 122/22 SO, വീട് പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | 492417-<br>വികസനഫണ്ട് പൊതുവിഭാഗം |

| | |
|---|---|
| ചെലവ് | 492417 |
| ബിൽ നം./തീയതി | 2/21-22/31.08.21-207417<br>4/21-22/28.09.21-60000<br>5/21-22/28.09.21-60000<br>19/21-22/08.03.22-60000<br>30/21-22/21.03.22-45000<br>35/21-22/25.03.22-60000 |

2)

| | |
|---|---|
| പ്രൊജക്ട് | 260/22, വീട് പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | 960000 (624264 – വികസനഫണ്ട് ജനറൽ, 335736-തനത് ഫണ്ട്) |
| ചെലവ് | 540000 - വികസനഫണ്ട് ജനറൽ |
| ബിൽ നം./തീയതി | 24/21-22/17.03.22-300000<br>29/21-22/21.03.22-150000<br>33/21-22/23.03.22-90000 |

<u>തുക അനുവദിച്ചതിന്റെ വിശദാംശം</u>

| പ്രൊജക്ട് നം. | ഗുണഭോക്താവ്, ബാങ്ക് അക്കൗണ്ട് | അനുവദിച്ച തുക/ബിൽ നം/തീയതി | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| 122/22 (SO) | ശ്രീമതി സരസ്വതി, PUNB0433000-4330000100080171 | 15000-2/21-22/31.08.21, 15000-4/21-22/28.09.21. ആകെ -30000 | 15000 | 15000 |
| 260/22 | ശ്രീമതി സജിത വി ടി, PUNB0433000-4330001700056272 | 15000-29/21-22/21.03.21, 15000-4/21-22/28.09.21. ആകെ -30000 | 15000 | 15000 |

മേൽപ്പട്ടികയിൽ പരാമർശിച്ച പ്രകാരം രണ്ടു ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്യുതായുള്ള ഓവർസിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിൽ അനുവദനീയമായ തുക നൽകുന്നതിനു പകരം 15000രൂപ വീതം അധികം അനുവദിച്ചിരിക്കുന്നു. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 11/21.03.23 നൽകിയതിന് ശ്രദ്ധക്കുറവു മൂലം സംഭവിച്ചതാണെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 15000രൂപ വീതം രണ്ടുതവണകളായി ക്രെഡിറ്റ് ആയിട്ടുണ്ടെന്നും തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും എത്രയും പെട്ടെന്ന് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

ധനസഹായമായി രണ്ടു ഗുണഭോക്താക്കൾക്കുമായി അധികം നൽകിയ ആകെ തുക 30000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ അർഹമായ തുകയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായതെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാർ പണം അനർഹമായി ചെലവഴിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(ഖണ്ഡിക 3-1 കാണുക)

## 3-2 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കി

1)

| | |
|---|---|
| പ്രൊജക്ട് | 242/22 SO, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ |
| അടങ്കൽ | 450000<br>(360000 – വികസനഫണ്ട് എസ് സി പി,<br>90000-തനത് ഫണ്ട്) |
| ചെലവ് | 447701 (357701-വികസനഫണ്ട് എസ് സി പി, 90000 -തനത് ഫണ്ട്) |
| ബിൽ നം./തീയതി | 5/21-22/10.03.21–357701,<br>2/21-22/19.11.21–90000 |

2)

| | |
|---|---|
| പ്രൊജക്ട് | 17/22, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ |
| അടങ്കൽ | 450000<br>(360000 – വികസനഫണ്ട് എസ് സി പി,<br>90000-തനത് ഫണ്ട്) |
| ചെലവ് | 90000 -തനത് ഫണ്ട് |
| ബിൽ നം./തീയതി | 5/21-22/10.03.21–357701,<br>2/21-22/19.11.21–90000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകുന്നതിനായി A3/3333/2021/10.11.21 നം. ടെണ്ടർ പരസ്യം നൽകി 26.11.21-ന് ടെണ്ടർ നടത്തി.

<u>ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷൻ</u>

Tank Capacity – 500 Litre

ISI Marked – Yes

Shape Of Tank – Cylindrical Vertical

No Of Layers - Double Layer

Use Of Tank – Out Door

Colour – Blue/ White

മേൽപ്പറഞ്ഞ രണ്ടു പ്രൊജക്ടുകൾക്കുമായി നടത്തിയ ടെണ്ടറിൽ ആറു സ്ഥാപനങ്ങൾ പങ്കെടുത്തു. പങ്കെടുത്ത സ്ഥാപനങ്ങൾ ISIമുദ്രയുള്ള ടാങ്കുകളുടെയും ISO നിലവാരമുള്ള ടാങ്കുകളുടെയും വില ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്നു. ISIമുദ്രയുള്ള വാട്ടർ ടാങ്കിന് രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ നിരക്ക് 3190 രൂപയായിരുന്നു. ഒരു ടാങ്കിന് ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 2500രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നതിനാൽ പങ്കെടുത്ത ഇതേ സ്ഥാപനങ്ങളിൽ നിന്നും ഗുണനിലവാരമുള്ള ISO വാട്ടർടാങ്കുകൾ വാങ്ങിനൽകുന്നതിന് 08.12.21-ൽ നടന്ന് ഭരണസമിതിയോഗത്തിന്റെ 4/2നം. തീരുമാനപ്രകാരം നിശ്ചയിച്ചു. കുറഞ്ഞ നിരക്കായ 2420രൂപ ക്വാട്ട് ചെയ്ത സൺസിറ്റി ഏജൻസീസ്, വെസ്റ്റ് കൊടുമുണ്ട, പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 19.01.22-ലെ 1/8 നം. തീരുമാന പ്രകാരം സൺസിറ്റി ഏജൻസീസിന് സപ്ലൈ ഓർഡർ (നം. എ3/506/22/07.02.22) നൽകിയിട്ടുണ്ട്.

മേൽപട്ടികയിലെ സ്പിൽ ഓവർ പ്രൊജക്ടിനായി ഇൻവോയ്സ് നം. 10/04.03.22 പ്രകാരം 185 വാട്ടർ

ടാങ്കുകൾ 2420രൂ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 500രൂപ നിരക്കിലാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരിക്കുന്നത്.

പ്രൊജക്ട് നം. 17/22-നായി 47500രൂ ഗുണഭോക്തൃവിഹിതം 500 രൂപ നിരക്കിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും പദ്ധതി വിഹിതം സബ്സിഡി ഏജൻസിയ്ക്ക് കൈമാറുകയോ ടാങ്ക് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടായി 2022-23-ലാണ് ചെലവ് നടന്നിരിക്കുന്നത്.

സബ്സിഡി-ധനസഹായ മാർഗ്ഗരേഖ 14.02.2018-ലെ സ.ഉ (കൈ) നം. 22/2018/ത സ്വ ഭ വ -ലെ ഖണ്ഡിക 6-6 പ്രകാരം പി വി സി വാട്ടർ ടാങ്കിനായി അനുവദിക്കാവുന്ന സബ്സിഡി, വിലയുടെ 75% -ആണ്.

ചെലവുരേഖകൾ പരിശോധിച്ചതിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ വാട്ടർ ടാങ്കിന്റെ വില – 2420രൂ

ഒരു ടാങ്കിന് ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ട തുക (വിലയുടെ 25%) -605രൂ

ഒരു ടാങ്കിന് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക – 500രൂ

കുറവായി ഈടാക്കിയ തുക - 105

ആകെ വാങ്ങിയ ടാങ്കുകൾ - 185 എണ്ണം

185 ടാങ്കുകൾക്ക് ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ തുക - 185x105=19425രൂ

വിഷയം ഓഡിറ്റ് അന്വേഷണം 7/18.03.23 മുഖേന അറിയിച്ചതിന് സാമ്പത്തിക വർഷാവസാനം പദ്ധതി നടപ്പിലാക്കിയതിനാൽ ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയത് ശ്രദ്ധിക്കാൻ പറ്റിയില്ലെന്നും പിന്നീട് ശ്രദ്ധയിൽപ്പെട്ടതിനാൽ 14.07.22-ലെ 5/4 നം. ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃവിഹിതത്തിൽ കുറവ് വന്ന് തുക ഈടാക്കുന്നതിന് കത്ത് നൽകുകയും തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന സബ്സിഡിയിലും അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അധികം നൽകിയ 19425രൂ നിരാകരിക്കുന്നു. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16-03-2023 മുതൽ 24-03-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി | 2021-22 | 1706250 | നെൽക്കർഷകർക്ക് ഉഴവുകൂലി-ജനറൽ (39/21-22) | 0 | 1706250 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 3051800 | ലൈഫ്മിഷൻ തുക വകയിരുത്തൽ-SC (255/21-22) | 720783 | 2331017 |
| | 2021-22 | 448000 | PMAYവിഹിതം നൽകൽ (261/21-22) | 0 | 448000 |
| | 2021-22 | 500000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (8/21-22) | 260200 | 239800 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 1706250 | നെൽക്കർഷകർക്ക് ഉഴവുകൂലി -(39/21-22) | 881702 | 824548 |
| | 2021-22 | 1000000 | ലൈഫ്മിഷൻ തുക വക യിരുത്തൽ-ജനറൽ (257/21-22) | 0 | 1000000 |
| | 2021-22 | 1000000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (8/21/22) | 998500 | 1500 |
| | 2021-22 | 392000 | PMAY വിഹിതം നൽകൽ (261/21-22) | 0 | 392000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബി-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചേർക്കുന്നു.

| നിർവഹണ ഏജൻസി കെ എ | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി, തൃത്താല സെക്ഷൻ | കോന്തത്ത് കടിവെള്ള പദ്ധതിയ്ക്ക് വൈദ്യുത കണക്ഷൻ | 139/07.01.22 | 6840 | 6840 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തന് വർഷം ലഭി ച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| KURDFC വായ്പ ലൈഫ്മിഷൻ -ഭവന നിർമ്മാണം | ജി.ഒ (എം. എസ്) നം. 68/ 2018/ എൽ.എസ്. ജി.ഡി/ 18.05.2018 | 21742676 | 0 | 21742676 | 2936353 | 0 | 18806323 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8333/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09<br>2009-10<br>2010-11 | 2(4) | 450 | ശ്രീജ., എം.എൽ. പി.സ്കൂൾ, കുളമുക്ക് | 121010104115/ 05-01-2022 |
| 2003-04 | 2(2) | 1350 | KSEB | 121010104116/ 05-01-2022 |
| 2003-04 | 2(1)ബി | 450 | തൊഴിൽ നികുതി | 121010104117/ 05-01-2022 |
| 2003-04 | 2(1)എ | 1440 | തൊഴിൽ നികുതി | 121010104118/ 05-01-2022 |
| 2002-03 | 2(3) | 440 | ജി.എ മൊയ്തീൻ,കടമുറി വാടക | 121010104119/ 05-01-2022 |
| 2000-01 | 2(2) | 647 | Staff-PSCB & Post Office , Pallippuram | 21010104120/ 05-01-2022 |
| 2000-01 | 2(1) | 100 | മോഹനൻ പിള്ള, ക്ലാർക്ക്,ഗ്രാമ പഞ്ചായത്ത് | 21010104121/ 05-01-2022 |
| 1998-99 | 25 | 75 | PFA ഇനത്തിലെ കുറവ് | 21010104122/ 05-01-2022 |
| 1999-00 | 5 | 1710 | ചേക്കുട്ടി, കരുവാൻ പടി,കൺവീനർ- മൊബിലൈസേഷൻ അഡ്വാൻസ് | 21010104133/ 05-01-2022 |
| 1997-98 | 3(26)എ-2 | 300 | മുൻകൂർ യാത്രാപ്പടി | 21010104133/ 05-01-2022 |
| 1997-98 | 3 (26) എ-1 | 400 | മുൻകൂർ യാത്രാപ്പടി | 21010104124/ 05-01-2022 |

| | | | | |
|---|---|---|---|---|
| 1997-98 | 3 (26) ബി | 763 | മുൻകൂർ യാത്രാപ്പടി | 21010104124/ 05-01-2022 |
| 1996-97 | 3 (26) ബി | 208 | നികുതി കിഴിക്കാത്തത് | 21010104125/ 05-01-2022 |
| | ആകെ | 8333/- | | |

വാർഷികക്കണക്കുകളിൽ ഈ ഇനത്തിലെ വരവ് 8436/- രൂപയാണ്. ഇതിൽ 103 രൂപ തെറ്റായി വരവ് വെച്ചതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 43 | 2012-13 | VII.1.9.4.v | റോഡ് പ്രവൃത്തി-മുൻകൂർ നൽകിയത് | സമിതി യുടെ അന്തിമ തീരുമാന മായിട്ടില്ല |
| 1998-99 | 26 | 2012-13 | VII.1.9.4.i | തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ കുറവ് | സമിതിയുടെ അന്തിമ തീരുമാന മായിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 14419149 |
| ഓഡിറ്റ് വർഷത്തെ വരവ് | 105738978 |
| ആക | 120158127 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 95781898 |
| നീക്കിയിരിപ്പ് | 24376229 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49425/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30000 | ശ്രീ.കെ.ജിതേഷ് കുമാർ,വി.ഇ.ഒ |
| 3-2 | | 19425 | ശ്രീമതി.ലീന കെ.നായർഅസി.സെക്രട്ടറി |
| | ആകെ | 49425/ | |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 9510/- | ശ്രീ.എസ്.രാജേഷ് കുമാർ, അസി.എഞ്ചിനീയർ |
| 1-22 | 2779 | ശ്രീ.എസ്.രാജേഷ് കുമാർ, അസി.എഞ്ചിനീയർ |

ഡി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ജിതേഷ് കുമാർ,വി.ഇ.ഒ | വി.ഇ.ഒ, പരുതൂർ ഗ്രാമ പഞ്ചായത്ത് | കളത്തൊടി. തത്തനംപുള്ളി, പി.ഒ,കല്ലുക്കല്ലൂർ, പാലക്കാട് ജില്ല |
| ശ്രീമതി.ലീന കെ.നായർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, നെടുമുടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല | മുരളീ ഭവൻ, തിരുവമ്പാടി പിഒ, ആലപ്പുഴ ജില്ല |
| ശ്രീ.എസ്.രാജേഷ്കുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മരങ്ങാട്ടു പള്ളി ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല. | ശ്രീവിലാസ്, രാമമംഗലം പി.ഒ, എറണാകുളം ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1202/ 2000/18-1-2001 | 4 |
| 1997-98 | എൽ.എഫ്.പി8/687/ 2001/31-10-2001 | 19 |
| 1998-99 | എൽ.എഫ്.പി8/625/ | 10 |

| | | |
|---|---|---|
| | 2002/5-10-2002 | |
| 1999-00 | എൽ.എഫ്.പി8/644/2004/ 16-9-2004 | 4 |
| 2000-01 | എൽ.എഫ്.പി8/567/ 2004/19-11-2004 | 22 |
| 2001-02 | എൽ.എഫ്.പി3/6109/2007/ 14-6-2007 | 12 |
| 2002-03 | എൽ.എഫ്.പി13/935/2007/ 26-5-2008 | 7 |
| 2003-04 | എൽ.എഫ്.പി13/530/ 2013/20-6-2013 | 3 |
| 2004-05 | എൽ.എഫ്.പി13/1362(1) /2012/10-7-2012 | 5 |
| 2005-06 | എൽ.എഫ്.പി13/628/ 2013/6-2-2014 | 2 |
| 2006-07 | എൽ.എഫ്.പി13/2364(3) /2012/17-6-2013 | 4 |
| 2007-08 | എൽ.എഫ്.പി13/2364(4) /201217-6-2013 | 10 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13/1385/ 2013/17-12-2013 | 14 |
| 2011-12 | കെ.എസ്.എ-പികെഡി-13-1690/15 / 5-2-2016 | 11 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി-13-1909/16 / 18-2-2016 | 14 |
| 2015-16 | കെ.എസ്.എ-പികെഡി-13-2252/2016/22-12-16 | 18 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി 13-1867/2017/17.10.2017 | 11 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി 13-789/2019/24/06/2019 | 13 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി 13/1384/2020/05.01.2021 | 14 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി 13/1245/22/22.07.2022 | 17 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി 13/ 1250/22 Dt. 22/07/2022 | 19 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഓഡിറ്റ് ചെയ്ത വാർഷിക വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം

1) BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1876160.15 |
| 312000000 | Reserves | B-3 | 80178676.00 |
| | Total Reserve & Surplus | | 82054836.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15324559.00 |
| | Total Grants, Contributions for Specific Purposes | | 15324559.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18806323.00 |
| | Total Loans | | 18806323.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 658091.00 |
| 350000000 | Other Liabilities | B-9 | 1139782.85 |
| | Total Current Liabilities and Provisions | | 1797873.85 |
| | TOTAL LIABILITIES | | 117983592.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 89486273.00 |
| 411000000 | Accumulated Depreciation | B-11 | -22519099.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 66967174.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7473814.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17686323.00 |
| 450000000 | Cash and Bank Balance | B-17 | 24376229.00 |
| 460000000 | Loans, Advances and Deposits | B-18 | 1480052.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 51016418.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | 117983592.00 | |

2) STATEMENT OF INCOME & EXPENDITURE
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4617569.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 28632.00 |
| 140000000 | Fee & User Charges | I-4(b) | 2421512.00 |
| 150000000 | Sale & Hire Charges | I-5(b) | 144886.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 165890618.00 |
| 171000000 | Interest Earned | I-8 | 431967.00 |
| 180000000 | Other Income | I-9 | 28984.00 |
| | Total Income | | 173564168.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11907991.00 |
| 220000000 | Administrative Expenses | I-11(b) | 780124.00 |
| 230000000 | Operations & Maintenance | I-12(b) | 1977963.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6967036.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65619538.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5149589.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2886636.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan | I-14(d) | 59107087.00 |

| | | | |
|---|---|---|---|
| | Programme) | | |
| 255000000 | Maintenance Projects | I-14(e) | 11731261.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 171944.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 6047956.00 |
| | Total Expenditure | | 172357125.00 |
| | Gross Surplus / Deficit of income over Expenditure | | 1207043.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 65155.00 |
| | Net difference (Prior period Income - Prior period Expenditure) | | 1141888.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3) RECEIPT & PAYMENT STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14254109.00 |
| Cash | Cash | RP-40(a) | 165040.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 723930.00 |
| 140000000 | Fees & User Charges | RP-4 | 2321162.00 |
| 150000000 | Sale & Hire Charges | RP-5 | 144886.00 |
| 160000000 | Revenue Grants, Funds, Contributions & | RP-7 | 55164267.00 |

| | | | |
|---|---|---|---|
| | Compensations | | |
| 171000000 | Interest Earned | RP-9 | 472376.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24831831.00 |
| 340000000 | Deposits Received | RP-34 | 4000.00 |
| 350000000 | Other Liabilities | RP-36 | 206064.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 28908.00 |
| 340000000 | Deposits Received | RP-34 | 397430.00 |
| 350000000 | Other Liabilities | RP-36 | 359355.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21084769.00 |
| | Grand total | | 120158127.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4523680.00 |
| 220000000 | Administrative Expenses | RP-12 | 780124.00 |
| 230000000 | Operations & Maintenance | RP-13 | 1977963.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6736107.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40167585.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3633936.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2884951.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 180000.00 |
| 255000000 | Maintenance Projects | RP-20 | 11731261.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 11944.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 65294.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 436475.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 7716740.00 |
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -6180.00 |
| 340000000 | Deposits Received | RP-34 | 289000.00 |
| 350000000 | Other Liabilities | RP-36 | 2448255.00 |
| 410000000 | Fixed Assets | RP-38 | 2387568.00 |
| 412000000 | Capital work in Progress | RP-40 | 357679.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6936039.00 |
| 440000000 | Pre-paid Expenses | RP-45 | 1040000.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1471477.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24294201.00 |
| Cash | Cash | RP-40(b) | 82028.00 |
| | Grand Total | | 120158127.00 |

DEPUTY DIRECTOR